**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസവകുപ്പ് - അദ്ധ്യാപക പാക്കേജ് സംബന്ധമായ ഉത്തരവുകൾ പിൻവലിച്ചുകൊണ്ട് തസ്തിക നിർണ്ണയവും സംരക്ഷണാനുകൂല്യവും സംബന്ധിച്ച പുതുക്കിയ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ)വകുപ്പ്**

**സ.ഉ (പി) നം. 213/2015/പൊവിവ തീയതി, തിരുവനന്തപുരം, 06.08.2015**

---

പരാമർശം:
1. 1.10.2011 ലെ ലെ സ.ഉ. (പി) നം.199/11/പൊവിവ
2. 7.10.2011 ലെ സ.ഉ. (പി) നം. 205/11/പൊവിവ
3. 29.03.2012 ലെ സ.ഉ. (പി) നം. 102/12/പൊവിവ
4. 12.4.2015 ലെ സ.ഉ. (പി) നം. 116/12/പൊവിവ
5. 29.11.2013 ലെ സ.ഉ. (പി) നം. 313/13/പൊവിവ
6. 4.7.2014 ലെ സ.ഉ. (പി) നം. 124/14/പൊവിവ
7. 24.2.2014 ലെ സ.ഉ (പി) നം. 278/14/പൊവിവ
8. ബഹു.ഹൈക്കോടതിയുടെ 15.1.2015 ലെ ഡബ്ല്യൂ പി.(സി) 30107/13 തുടങ്ങിയ കേസുകളിലെ വിധിന്യായം
9. ബഹു.ഹൈക്കോടതിയുടെ 8.4..2015 ലെ ഡബ്ല്യൂ എ. 812/15 നമ്പർ റിട്ട് അപ്പീലിലെ ഇടക്കാല വിധി.

**ഉത്തരവ്**

എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ ശാസ്ത്രീയമായ നിയമനവും പുനർവിന്യാസവും നടപ്പിലാക്കുന്നതിനായി ഒരു അദ്ധ്യാപക പാക്കേജ് പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു. അപ്രകാരം 2010-11 ലെ തസ്തികനിർണ്ണയം തന്നെ 2011-12 ലും തുടരാൻ തീരുമാനിച്ചിരുന്നു. പിന്നീട് 2012-13 ലേയ്ക്കു കൂടി ആയത് നിലനിർത്തി. പരാമർശം 6 - ലെ സർക്കാർ ഉത്തരവുപ്രകാരം 2010-11 ൽ നിലവിലുള്ള തസ്തികകൾ തന്നെ 2013-14 വർഷത്തിലേയ്ക്കും തുടരുവാൻ ഉത്തരവായിരുന്നു. കൂടാതെ 2010-11 വർഷം അനുവദിച്ച തസ്തികകളിൽ നിയമനാംഗീകാരത്തോടെ തുടർന്ന 31.3.2011 വരെ നിയമനം ലഭിച്ച റഗുലർ അദ്ധ്യാപകരിൽ 2014-15 ലെ തസ്തിക നിർണ്ണയം നടത്തുമ്പോൾ അധികമായി പുറത്തുപോകുന്ന അദ്ധ്യാപകരെ അധ്യാപക വിദ്യാർത്ഥി അനുപാതം കുറച്ചു നിലനിർത്താനും അതിനുശേഷവും അദ്ധ്യാപകർ അധികമായി വരുന്നുണ്ടെങ്കിൽ അവരെ ഉൾപ്പെടുത്തി ഒരു അദ്ധ്യാപകബാങ്ക് രൂപവൽക്കരിക്കുവാനും അധ്യാപകബാങ്കിന്റെ ഘടനയും പ്രവർത്തനവും സംബന്ധിച്ച കൂടുതൽ വിശദമായ മാർഗ്ഗരേഖകൾ പിന്നീട് പുറപ്പെടുവിക്കുന്നതാണെന്നും പരാമർശം 5, 6 എന്നീ ഉത്തരവുകൾ മുഖേന നിർദ്ദേശിച്ചിരുന്നു. തുടർന്ന് അധ്യാപകബാങ്ക് രൂപവത്ക്കരണം, ഘടന, പ്രവർത്തനം തസ്തികനിർണ്ണയം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പുറപ്പെടുവിച്ച് പരാമർശം (7) മുഖേന ഉത്തരവായിരുന്നു.

അധ്യാപകപാക്കേജ് സംബന്ധമായി സർക്കാർ പുറപ്പെടുവിച്ച 1.10.2011 ലെ സ.ഉ. (പി) 199/11/പൊവിവ നമ്പർ ഉത്തരവും തസ്തികനിർണ്ണയഉത്തരവുകളുൾപ്പെടെയുള്ള അനുബന്ധ ഉത്തരവുകളും ബഹു.ഹൈക്കോടതി റദ്ദുചെയ്യുകയുണ്ടായി. പ്രസ്തുത വിധിക്കെതിരെ സർക്കാർ ഫയൽ ചെയ്ത അപ്പീൽ പരിഗണിച്ച ബഹു.ഹൈക്കോടതി ഇടക്കാല സ്റ്റേ അനുവദിച്ചുവെങ്കിലും അന്തിമവിധി ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല.

. . . . . . . (2)

അധ്യാപക പാക്കേജ് വഴി നിയമനാംഗീകാരം ലഭിച്ച അധ്യാപകർക്ക് സംരക്ഷണമുറപ്പുവരുത്തേണ്ടതിനാലും, പുതിയ അദ്ധ്യയനവർഷം ആരംഭിച്ച സാഹചര്യത്തിൽ തസ്തിക നിർണ്ണയം നടപ്പിലാക്കേണ്ടതിനാലും ഒരു പുതിയ തീരുമാനം അനിവാര്യമാണ്. മേൽപ്പറഞ്ഞ സാഹചര്യങ്ങൾ മുൻനിർത്തി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 6.7.2015 ന് ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി, ബഹു. ഗ്രാമവികസന-ആസൂത്രണ-സാംസ്കാരികകാര്യ വകുപ്പുമന്ത്രി, ബഹു. വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി, ബഹു. ധനകാര്യ-നിയമ-ഭവനനിർമ്മാണ വകുപ്പുമന്ത്രി, ബഹു. ആഭ്യന്തര-വിജിലൻസ് വകുപ്പുമന്ത്രി എന്നിവരടങ്ങുന്ന മന്ത്രിതല ഉപസമിതി ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. പരാമർശം (8) ലെ ബഹു. ഹൈക്കോടതി വിധിന്യായത്തിന്റേയും മന്ത്രിതലഉപസമിതിയുടെ ശുപാർശകളുടെയും വെളിച്ചത്തിൽ 1.10.2011 ലെ ജി.ഒ (പി) 199/11/പൊവിവ നമ്പർ ഉത്തരവുമുഖേന പുറപ്പെടുവിച്ചിട്ടുള്ള അധ്യാപകപാക്കേജ് ഉത്തരവും അനുബന്ധ ഉത്തരവുകളും പിൻവലിച്ചുകൊണ്ട് തസ്തികനിർണ്ണയവും സംരക്ഷണവും സംബന്ധിച്ച് താഴെപ്പറയുന്ന പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

## നിർദ്ദേശങ്ങൾ

## I. അദ്ധ്യാപക/അനദ്ധ്യാപകരുടെ സംരക്ഷണം

താഴെപ്പറയുന്നവിഭാഗം ജീവനക്കാർക്ക് സംരക്ഷണം അനുവദിക്കുന്നതാണ്.

(1) 31.3.2011 ന് നിയമനാംഗീകാരത്തോടെ റഗുലർ സർവ്വീസിൽ തുടർന്ന അധ്യാപക/ അനദ്ധ്യാപകർ

(2) അധ്യാപക പാക്കേജ് വഴി **1.6.2011** മുതൽ നിയമനാംഗീകാരം ലഭിച്ച അധ്യാപക/അനദ്ധ്യാപകർ

(3) മുൻകാല സംരക്ഷിത ഉത്തരവുകൾ വഴി സംരക്ഷണം ലഭിച്ച നിലവിലുള്ള അധ്യാപകരും അനദ്ധ്യാപകരും

(4) അധ്യാപക പാക്കേജ് വഴി ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായി നിയമിക്കപ്പെട്ട റിട്രഞ്ച്ഡ് അധ്യാപകർ, തസ്തിക ഇല്ലാതെ തന്നെ അധ്യാപകപാക്കേജ് വഴി മറ്റ് സ്കൂളുകളിലേക്ക് പുനർവിന്യസിച്ച് ശമ്പളം വാങ്ങി വരുന്ന സ്പെഷ്യലിസ്റ്റ് അധ്യാപകർ

(5) 2011-12 മുതൽ രാജി, മരണം റിട്ടയർമെന്റ്, പ്രൊമോഷൻ, സ്ഥലമാറ്റം എന്നീ റഗുലർ തസ്തികകളിൽ നിയമിക്കപ്പെട്ട് എൽ.പി.യിൽ 1:30 ഉം യു.പി/ഹൈസ്കൂളിൽ 1:35 ഉം അനുപാതമനുസരിച്ച് അംഗീകരിക്കപ്പെട്ടവർ.

## II. തസ്തികനിർണ്ണയം, നിയമനം, നിയമനാംഗീകാരം

(1) തസ്തിക നിർണ്ണയം, നിയമനം, നിയമനാംഗീകാരം എന്നിവ കെ.ഇ.ആറിന്റെ നിലവിലുള്ള ചട്ടങ്ങൾ/വ്യവസ്ഥകളനുസരിച്ച് യു.ഐ.ഡി യുടെ അടിസ്ഥാനത്തിൽ നടത്തേണ്ടതാണ്.

(2) 2010-11 ലെ തസ്തിക നിർണ്ണയപ്രകാരം നിലവിലുണ്ടായിരുന്ന തസ്തികകളിൽ 2011-12 ന ശേഷം രാജി,മരണം, റിട്ടയർമെന്റ്, പ്രൊമോഷൻ സ്ഥലമാറ്റം എന്നീ ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്ക് എൽ.പി യിൽ 1:30 ഉം യു.പി/ഹൈസ്കൂളിൽ 1:35 ഉം അനുപാതമനുസരിച്ച് തസ്തികകൾ ലഭ്യമാണെങ്കിൽ അംഗീകാരം നൽകാം. 2010-11 വർഷത്തെ തസ്തികനിർണ്ണയം അടിസ്ഥാനമാക്കി 2011-12 മുതൽ 2014-15 വരെ നടത്തിയ സ്ഥിരം നിയമനങ്ങൾക്ക് ഇപ്രകാരം പ്രാബല്യമുണ്ടായിരിക്കുന്നതും 2010-11 ലെ തസ്തികനിർണ്ണയം പ്രകാരമുള്ള തസ്തികകൾ മേൽപ്പറഞ്ഞവിധം 2014-15 വരെ തുടരുന്നതുമാണ്.

(3) 2011-12 മുതൽ അധിക തസ്തികകളിൽ നിയമിക്കപ്പെട്ടവർക്ക് കെ.ഇ.ആർ വ്യവസ്ഥ പ്രകാരം 1:45 അനുപാതത്തിൽ മാത്രമേ അംഗീകാരം ലഭിക്കുകയുള്ളൂ. പിന്നീടുള്ള വർഷങ്ങളിൽ തസ്തിക നഷ്ടം കാരണം പുറത്താവുന്ന സാഹചര്യം ഉണ്ടായാൽ അവർക്ക് ചട്ടം 51 എ പ്രകാരമുള്ള അവകാശത്തിനു മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.

(4) മേൽപ്രകാരം നിയമിക്കപ്പെട്ടവരുടെ തസ്തിക നിർണ്ണയം നടത്തേണ്ടത് ആറാം സാദ്ധ്യായ ദിവസത്തിൽ റോളിലുള്ള കുട്ടികളുടെ യു.ഐ.ഡി യുടെ അടിസ്ഥാനത്തിലായിരിക്കണം. എന്നാൽ ഏതെങ്കിലും വിദ്യാർത്ഥിയുടെ യു.ഐ.ഡി ലഭ്യമല്ലായെങ്കിൽ, ഇത്തരം വിദ്യാർത്ഥികളുടെ കാര്യത്തിൽ പ്രധാനാദ്ധ്യാപകരും മാനേജരും ഒപ്പിട്ട ഒരു ഡിക്ലറേഷന്റെ അടിസ്ഥാനത്തിൽ തസ്തികനിർണ്ണയം നടത്താവുന്നതാണ്. എന്നാൽ അത്തരം സ്കൂളുകളിൽ സൂപ്പർചെക്ക് സെൽ പരിശോധന നടത്തേണ്ടതാണ്. ഡിക്ലറേഷൻ തെറ്റാണെന്നു ബോധ്യപ്പെടുന്ന പക്ഷം തക്കതായ ശിക്ഷാനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(5) മേൽപ്രകാരം നിയമിക്കപ്പെട്ട അധ്യാപകർക്ക് അംഗീകാരം നൽകുമ്പോൾ 2014-15 വരെയുള്ള ശമ്പളകുടിശ്ശിക പി.എഫിൽ ലയിപ്പിക്കുന്നതും 2019-20 നു ശേഷം മാത്രം പിൻവലിക്കാൻ അവകാശമുണ്ടായിരിക്കുന്നതുമാണ്.

(6) 2015-16 മുതൽ കെ.ഇ.ആർ പ്രകാരം 1:45 അനുപാതമനുസരിച്ച് തസ്തികകൾ അനുവദിക്കപ്പെടുന്നതാണ്. 2015-16 വർഷം മുതൽ നടത്തുന്ന പുതിയ നിയമനങ്ങൾക്ക് 1:45 അനുപാതത്തിൽ കുട്ടികളുണ്ടെങ്കിൽ മാത്രം അംഗീകാരം ലഭിക്കുന്നതാണ്.

(7) എയ്ഡഡ് അധ്യാപകരുടെ 2015-16 മുതലുള്ള നിയമനങ്ങൾക്ക് മാനേജർമാർ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്. സർക്കാർ അനുമതി വാങ്ങിയശേഷം മാത്രമേ നിയമനം നടത്തുവാൻ മാനേജ്മെന്റിന് അവകാശമുണ്ടായിരിക്കുകയുള്ളൂ. നിയമനം നടത്തുന്നതിന് മുമ്പ് യു.ഐ.ഡി ഡാറ്റാ പ്രകാരം തസ്തികനിർണ്ണയം നടത്തി അർഹതയുള്ളതായി കാണുന്ന തസ്തികകളിലെ നിയമനത്തിന് മാനേജ്മെന്റ് അവകാശം ഉന്നയിച്ചാൽ അപ്രകാരം അനുമതി തേടിയുള്ള അപേക്ഷ സർക്കാരിൽ ലഭിച്ചുകഴിഞ്ഞ് 30 ദിവസത്തിനകം സർക്കാർ തീരുമാനം അറിയിക്കേണ്ടതാണ്. അപ്രകാരം സർക്കാർ തീരുമാനം ലഭിച്ചില്ലെങ്കിൽ നിയമനവുമായി മാനേജർക്കു മുന്നോട്ടു പോകാവുന്നതും സർക്കാർ പരിശോധിച്ചശേഷം അംഗീകാരം നൽകുന്നപക്ഷം മാത്രം നിയമനതീയതി മുതൽ അധ്യാപകർക്ക് ശമ്പളാനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുകയും ചെയ്യും. അധികതസ്തികകൾ ഉന്നതതല പരിശോധനയ്ക്കുശേഷം മാത്രമേ അനുവദനീയമാവുകയുള്ളൂ. അധികഡിവിഷനുകൾ അനുവദിക്കുന്നതിനു മുമ്പ് യു.ഐ.ഡി രേഖകൾ പ്രകാരം അനുവദനീയമായ തസ്തികകളുടെ വിവരം വെരിഫൈയിംഗ് ഓഫീസർമാർ ഡിപിഐ മുഖേന സർക്കാരിന് ലഭ്യമാക്കിയിരിക്കണം. നിയമനഉത്തരവിൽ സർക്കാർ ഉത്തരവിന്റെ നമ്പർ ചേർക്കേണ്ടതുമാണ്. അധിക തസ്തികകൾ അനുവദിക്കപ്പെടുന്ന സ്കൂളുകളെ സംബന്ധിച്ചിടത്തോളം സൂപ്പർ ചെക്ക് സെല്ലും പൊതുവിദ്യാഭ്യാസവകുപ്പിലെ ഇൻസ്പെക്ഷൻ വിഭാഗവും പിന്നീട് പരിശോധന നടത്തേണ്ടതും തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് അധിക തസ്തികകൾ അനുവദിക്കപ്പെട്ടത് എന്നു കാണുന്ന പക്ഷം മാനേജർ,പ്രഥമാദ്ധ്യാപകൻ, ക്ലാസ് ടീച്ചർ,ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ, എന്നിവർക്കെതിരെ കർശന അച്ചടക്കനടപടി സ്വീകരിക്കേണ്ടതും തെറ്റായി നൽകപ്പെട്ട തുക തിരിച്ച് പിടിക്കേണ്ടതുമാണ്.

(8) 2015-16 മുതൽ മേൽപ്രകാരം തസ്തികനിർണ്ണയം നടത്തുമ്പോൾ രാജി,മരണം, റിട്ടയർമെന്റ്, പ്രൊമോഷൻ, സ്ഥലമാറ്റം എന്നീ റഗുലർ തസ്തികകളിൽ 2011-12 നു ശേഷം എൽ.പി.യിൽ 1:30 ഉം യു.പി/ഹൈസ്കൂളിൽ 1:35 അനുപാതത്തിലും നിയമിക്കപ്പെട്ടവർ പുറത്തുപോകുന്ന സാഹചര്യം ഉണ്ടായാൽ അവരെ ശമ്പളം നൽകി സംരക്ഷിക്കുന്നതാണ്. അധ്യാപക ബാങ്കിൽ ഉൾപ്പെട്ടവർക്കും സംരക്ഷണം

നൽകുന്നതാണ്. കോർപ്പറേറ്റ് മാനേജ്മെന്റുകളും വ്യക്തിഗത മാനേജ്മെന്റുകളും അവരവരുടെ സ്കൂളുകളിൽ ഉണ്ടാകുന്ന ഒഴിവുകളിൽ അവരെ നിയമിക്കേണ്ടതാണ്. അപ്രകാരം നിയമിക്കപ്പെടുന്നതുവരെ അവർക്ക് സംരക്ഷണം നൽകുന്നതായിരിക്കും.

(9) 2011-12 മുതൽ അധിക ഡിവിഷൻ തസ്തികകളിലും അവധി ഒഴിവുകളിലും നടത്തിയ നിയമനങ്ങൾക്ക് സംരക്ഷണാനുകൂല്യം ലഭിക്കുന്നതല്ല.

(10) ഒരു മാനേജ്മെന്റിനു കീഴിലുള്ള അധ്യാപകർ, സംരക്ഷിത അധ്യാപക ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ പ്രസ്തുത മാനേജ്മെന്റിന് കീഴിലുള്ള സ്കൂളുകളിലെ രാജി, മരണം, റിട്ടയർമെന്റ്, പ്രൊമോഷൻ, സ്ഥലമാറ്റം, അവധി തുടങ്ങി എല്ലാതരം ഒഴിവുകളിലും കൂടാതെ 2015-16 വർഷം മുതൽ 1:45 അനുപാതത്തിൽ തസ്തിക സൃഷ്ടിക്കുമ്പോഴുണ്ടാകുന്ന അധിക തസ്തികകളിലും സംരക്ഷിതലിസ്റ്റിലെ അധ്യാപകരെ തന്നെ നിയമിക്കേണ്ടതാണ്.

(11) ഒരു മാനേജ്മെന്റിനു കീഴിലുള്ള അധ്യാപകർ സംരക്ഷിത ലിസ്റ്റിൽ ഉണ്ടെങ്കിൽ ആ മാനേജ്മെന്റിനു കീഴിലുണ്ടാകുന്ന എച്ച്.എസ്.എസ്.റ്റി പ്രൊമോഷൻ മൂലമുണ്ടാകുന്ന ഒഴിവിലും യോഗ്യതയുണ്ടെങ്കിൽ അവരെ നിയമിക്കേണ്ടതാണ്.

(12) സർക്കാർ സ്കൂളുകളിൽ റവന്യൂ ജില്ലാ അടിസ്ഥാനത്തിലും എയ്ഡഡ് സ്കൂളുകളിൽ മാനേജ്മെന്റ് അടിസ്ഥാനത്തിലും റവന്യൂ ജില്ലാതല സംരക്ഷിത അധ്യാപകരുടെ ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. എയ്ഡഡ്സ്കൂൾ ലിസ്റ്റിൽ 2015-16 ലെ തസ്തികനിർണ്ണയപ്രകാരം തസ്തികനഷ്ടം വന്ന് പുറത്തുപോകുന്നവരിൽ ഖണ്ഡിക I ലെ 1 മുതൽ 5 വരെ ഉൾപ്പെട്ടവരും, സർക്കാർ സ്കൂൾ അധ്യാപകരുടെ ലിസ്റ്റിൽ ഈ വർഷം തസ്തിക നഷ്ടം വന്നു പുറത്തുപോകുന്ന റവന്യൂ ജില്ലാടിസ്ഥാനത്തിലുള്ളവരും ഉൾപ്പെടുന്നതാണ്. സ്കൂളുകളിൽ ഒഴിവ് വരുന്ന മുറയ്ക്ക് അധ്യാപകരുടെ പുനർവിന്യാസം സുഗമമാക്കുന്നതിന് അതാത് മാനേജർമാരുടെ കീഴിൽ മാനേജർമാരുടെ പേര് വിവരം സഹിതം ചേർത്ത് ക്രമീകരിച്ച് കൊണ്ട് സംരക്ഷിത അധ്യാപകരുടെ ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. ഭാവിയിൽ അതാത് മാനേജർമാരുടെ കീഴിൽ വരുന്ന ഒഴിവുകളിൽ ഇവരെ നിയമിക്കേണ്ടതാണ്.

## III. സംരക്ഷിത അധ്യാപകരുടെ പുനർവിന്യാസം

സംരക്ഷിത അധ്യാപകരുടെ പുനർവിന്യാസം നടത്തുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ പരിഗണിക്കേണ്ടതാണ്.

(1) **സംരക്ഷിത അധ്യാപകരുടെ സർക്കാർ ലിസ്റ്റിൽ നിന്നും താഴെപ്പറയുന്ന ഒഴിവുകളിൽ അധ്യാപകരെ നിയമിക്കേണ്ടതാണ്.**

എ) പ്രധാന അധ്യാപകരെ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കുമ്പോൾ ഉണ്ടാകുന്ന ഒഴിവ്

ബി) അധിക ഡിവിഷൻ തസ്തികകൾ

സി) ഭാവിയിൽ ഉണ്ടാകുന്ന അവധി ഒഴിവുകൾ ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളും

ഡി) എസ്.എസ്.എ യുടെ കീഴിലുള്ള വിവിധ പ്രോജക്ടുകളിലും ആർ.എം.എസ്.എ സ്കൂളുകളിലും

ഇ) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി കോ- ഓർഡിനേറ്റർമാർ

എഫ്) കമ്പ്യൂട്ടർ പരിജ്ഞാനമുള്ള സംരക്ഷിത അധ്യാപകരെ രണ്ടോ മൂന്നോ സ്കൂളുകൾ അടങ്ങുന്ന ക്ലസ്റ്ററിൽ കമ്പ്യൂട്ടർ ഇൻസ്ട്രക്ടർമാരായി നിയമിക്കേണ്ടതാണ്. സ്കൂളുകളെ ക്ലസ്റ്ററാക്കുമ്പോൾ എയ്ഡഡ് സ്കൂളുകളെയും ഉൾപ്പെടുത്താവുന്നതാണ്.

(2) **സംരക്ഷിത അധ്യാപകരുടെ എയ്ഡഡ് ലിസ്റ്റിൽ നിന്നും താഴെപ്പറയുന്ന ഒഴിവുകളിൽ നിയമിക്കേണ്ടതാണ്.**

(എ) ഹെഡ് ടീച്ചറെ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കുമ്പോൾ ഉണ്ടാകുന്ന ഒഴിവ്.

(ബി) എസ്.എസ്.എ യുടെ വിവിധ പ്രോജക്ടുകളിലും ആർ.എം.എസ്.എ യുടെ സ്കൂളുകളിലും.

(സി) അതാത് മാനേജ്മെന്റുകളുടെ കീഴിലുള്ള എല്ലാത്തരം ഒഴിവുകളിലും.

പുനർവിന്യാസം സംബന്ധിച്ച് കൂടുതൽ മാർഗ്ഗനിർദ്ദേശങ്ങൾ പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

**(3) നിയമനരീതി**

(എ) ഏതെങ്കിലും സർക്കാർ സ്കൂളുകളിൽ ഒഴിവുണ്ടാകുന്ന പക്ഷം സർക്കാർ സ്കൂളുകളിൽ നിന്നുള്ള സംരക്ഷിത അധ്യാപകലിസ്റ്റിൽ അധ്യാപകർ അവശേഷിക്കുന്നുണ്ടെങ്കിൽ അവരെ നിയമിക്കേണ്ടതാണ്. സംരക്ഷിത ലിസ്റ്റിൽ അധ്യാപകർ ജില്ലാ അടിസ്ഥാനത്തിൽ അവശേഷിക്കുന്നില്ലെങ്കിൽ മാത്രമേ ഒഴിവുകൾ പി.എസ്.സി ക്കു റിപ്പോർട്ട് ചെയ്യാൻ പാടുള്ളൂ.

(ബി) എയ്ഡഡ് സ്കൂളുകളിൽ നിയമനം നടത്തേണ്ട ഒഴിവുകൾ മാനേജർമാർ ബന്ധപ്പെട്ട എഇഒ/ഡിഇഒ മാരെ അറിയിക്കേണ്ടതും, മാനേജർമാർ സംരക്ഷിത അധ്യാപക ലിസ്റ്റിൽ നിന്നും സ്വമേധയാ നിയമനം നടത്തേണ്ടതും, വിവരം ബന്ധപ്പെട്ട വിദ്യാഭ്യാസഓഫീസർമാരെ അറിയിക്കേണ്ടതുമാണ്.

(സി) വിദ്യാഭ്യാസഓഫീസർമാർ/മാനേജർമാർ എന്നിവർ നൽകുന്ന നിയമനം സ്വീകരിക്കുവാൻ സംരക്ഷിത ലിസ്റ്റിലുൾപ്പെട്ട അധ്യാപകർ ബാധ്യസ്ഥരാണ്. നിയമനഉത്തരവ് ലഭിച്ചുകഴിഞ്ഞാൽ 15 ദിവസത്തിനുള്ളിൽ സ്കൂളിൽ ജോയിൻ ചെയ്യാത്ത അധ്യാപകരെ ഉടനടി സംരക്ഷിത ലിസ്റ്റിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്.

**(4) സേവനവേതന വ്യവസ്ഥകൾ**

(എ) സംരക്ഷിത ലിസ്റ്റിലുൾപ്പെട്ട അധ്യാപകരുടെ സർവ്വീസ് ബുക്കുകൾ അതത് എഇഒ/ഡിഇഒ ഓഫീസുകളിൽ സൂക്ഷിക്കേണ്ടതാണ്. കൂടാതെ സംരക്ഷിത ലിസ്റ്റിലുൾപ്പെട്ട അധ്യാപകരുടെ ഹാജർ അതാത് സ്കൂളിലെ ഹെഡ് മാസ്റ്റർ രേഖപ്പെടുത്തി ഡ്യൂട്ടി സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട എഇഒ/ഡിഇഒ മാർക്ക് സമർപ്പിക്കേണ്ടതാണ്. അവരുടെ പുനർനിയമനം സംബന്ധിച്ചും ഇൻക്രിമെന്റ് ലീവ് എന്നിവ സംബന്ധിച്ചും അതാത് സമയങ്ങളിൽ സർവ്വീസ് ബുക്കിൽ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. എപ്പോഴെങ്കിലും മാതൃ സ്കൂളിൽ ഒഴിവ് വന്ന് തിരികെ പോകുമ്പോൾ മാത്രം പ്രസ്തുത ചുമതല ഹെഡ് മാസ്റ്ററെ ഏൽപ്പിക്കേണ്ടതാണ്.

(ബി) ഉചിതമായ പുനർവിന്യാസം ലഭിക്കുന്നതുവരെ സംരക്ഷിതലിസ്റ്റിലുൾപ്പെട്ട അധ്യാപകർക്ക് അവർ ജോലി ചെയ്യുന്ന മാതൃ സ്കൂളിൽ നിന്നു തന്നെ ശമ്പളം ലഭിക്കുന്നതാണ്. സംരക്ഷിത ലിസ്റ്റിലുൾപ്പെട്ട് പുനർവിന്യസിക്കപ്പെടുന്ന അധ്യാപകരുടെ ശമ്പളവിതരണവും സ്പാർക്കിലൂടെ ആയിരിക്കും. സംരക്ഷണ ലിസ്റ്റിലേക്ക് മാറ്റപ്പെടുന്ന അധ്യാപകർക്കെല്ലാം തന്നെ സർക്കാർ ശമ്പളം നൽകി വരുന്നതിനാൽ ഇവരുടെ പുനർവിന്യാസം സമയബന്ധിതമായി മുൻഗണന നൽകി പൂർത്തിയാക്കേണ്ടതാണ്

## IV പൊതു നിർദ്ദേശങ്ങൾ

1) വിദ്യാഭ്യാസ ഓഫീസർമാരുടെ അനുമതി ഇല്ലാതെയും ചട്ട വിരുദ്ധമായും മാനേജർ നിയമനം നടത്തിയിട്ടുള്ളതായോ, തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം അനുവദിച്ചു കൊടുത്തിട്ടുള്ളതിൽ കൂടുതൽ തസ്തികയിൽ അദ്ധ്യാപകർ നിൽക്കുന്നതായോ,

അനുവദനീയമായ തസ്തികയിൽ മറ്റേതെങ്കിലും കാരണത്താൽ അംഗീകാരം ലഭിക്കാതെ അദ്ധ്യാപകർ തുടരുന്നതായോ ശ്രദ്ധയിൽപ്പെട്ടാൽ അദ്ധ്യാപകരെ തുടരാനനുവദിക്കുന്ന മാനേജർക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടതാണ്.

2) മാനേജർമാർ അവർ നിയമിക്കുന്ന അദ്ധ്യാപകർക്ക് അംഗീകാരം ലഭിക്കുന്നതിന് മുമ്പ് "നിർദ്ദിഷ്ട യോഗ്യതയില്ലായ്മ, യു.ഐ.ഡി യിലെ കൃത്രിമം, ജനനതീയതിയിലെ വ്യത്യാസം മുതലായവ പ്രകാരം നിയമിക്കപ്പെടുവാൻ അർഹതയില്ലെന്ന് പിന്നീട് കണ്ടെത്തിയാൽ പിരിച്ചുവിടപ്പെടും" എന്ന ഒരു സത്യപ്രസ്താവന അദ്ധ്യാപകരിൽ നിന്നും എഴുതി വാങ്ങേണ്ടതാണ്. ബന്ധപ്പെട്ട അധികാരികൾ/വിദ്യാഭ്യാസ ഓഫീസർമാർ ആയത് ഉറപ്പുവരുത്തേണ്ടതും അത് സർവീസ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്.

3) ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി ഓരോ സ്കൂളിലും നിലനിൽക്കുന്ന അദ്ധ്യാപകരുടെ ലിസ്റ്റ് അതാത് സ്കൂൾ ഹെഡ്മാസ്റ്റർമാർ/ മാനേജർമാർ വിദ്യാഭ്യാസ ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതാണ്. അനുവദിച്ച തസ്തികകളിൽ അംഗീകാരമുള്ള അദ്ധ്യാപകർ മാത്രമേ തുടരുന്നുള്ളൂ എന്ന് വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്.

4) എല്ലാ വ്യക്തിഗത മാനേജ്മെന്റുകളും കോർപ്പറേറ്റ് മാനേജ്മെന്റുകളും നിലവിലുള്ള 51 A അവകാശികളുടെ ലിസ്റ്റ് അപ്ഡേറ്റ് ചെയ്ത് വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കേണ്ടതും ആയത് വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ രണ്ട് മാസത്തിനകം പ്രസിദ്ധീകരിക്കേണ്ടതുമാണ്. കോർപ്പറേറ്റ് മാനേജ്മെന്റിനു കീഴിലുള്ള സ്കൂളുകളിലെ സീനിയോറിറ്റി ലിസ്റ്റും ഇപ്രകാരം തയ്യാറാക്കി വിദ്യാഭ്യാസ ഓഫീസർമാർ വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ ഈ ഉത്തരവ് തീയതിക്കു 2 മാസത്തിനകം പ്രസിദ്ധീകരിക്കേണ്ടതാണ്. എല്ലാ മാനേജ്മെന്റുകളും അവർക്ക് ലഭിച്ചിട്ടുള്ള 51 ബി അവകാശികളുടെ അപേക്ഷയനുസരിച്ചുള്ള സീനിയോറിറ്റി ലിസ്റ്റും മേൽപ്രകാരം പ്രസിദ്ധീകരിക്കേണ്ടതാണ്. മേൽ പരാമർശിച്ച ലിസ്റ്റുകളെല്ലാം വർഷത്തിലൊരിക്കൽ അപ്ഡേറ്റ് ചെയ്യേണ്ടതാണ്. സംരക്ഷിത ലിസ്റ്റിൽ മാനേജരുടെ സ്കൂളിൽ അദ്ധ്യാപകരില്ലെങ്കിൽ സീനിയോറിറ്റി ക്രമത്തിൽ ഇവരെ നിയമിക്കേണ്ടതാണ്.

5) സ്കൂളുകളിൽ യു.ഐ.ഡി./ഇ.ഐ.ഡി. പ്രകാരമുള്ള കുട്ടികൾ പഠിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി അതാത് എ.ഇ.ഒ./ഡി.ഇ.ഒ മാർ പരിശോധന നടത്തേണ്ടതാണ്. യു.ഐ.ഡി നിർണ്ണയം നടന്നു കഴിഞ്ഞാൽ അർഹതയുള്ള സ്കൂളുകളിൽ ഒരു ഉന്നതതല പരിശോധന അതാത് ഡി.ഇ.ഒ. മാർ എൽ.പി/യു.പി. സ്കൂളുകളിലും, അതാത് ഡെപ്യൂട്ടി ഡയറക്ടർമാർ ഹൈസ്കൂളുകളിലും നടത്തി അധിക ഡിവിഷന് അർഹതയുണ്ടെങ്കിൽ മുൻകൂർ ഗവ. അനുമതി വാങ്ങിയശേഷം നിലവിലുള്ള നിയമപ്രകാരം അനുവാദം നൽകാവുന്നതാണ്. യു.ഐ.ഡി. ഉള്ള കുട്ടികളുടെ എണ്ണവും ക്ലാസ്സിൽ ഹാജരായിട്ടുള്ള കുട്ടികളുടെ എണ്ണവും തമ്മിൽ വ്യത്യാസമുണ്ടെന്നുകണ്ടാൽ അധിക തസ്തിക അനുവദിക്കേണ്ടതില്ല.എന്നാൽ സൂപ്പർ ചെക്ക് ഓഫീസർ ഒരു പരിശോധന കൂടി നടത്തി വ്യത്യാസം ബോധ്യപ്പെട്ടാലോ വ്യാജ യു.ഐ.ഡി/ കൃത്രിമം എന്നിവ ഉണ്ടെന്നു കണ്ടാലോ മാനേജർ/ഹെഡ്മാസ്റ്റർ/എ.ഇ.ഒ/ഡി.ഇ.ഒ/ഡിഡിഇ എന്നിവർക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടതാണ്. യു.ഐ.ഡി. ഉള്ള കുട്ടികൾ സ്കൂളുകളിൽ പഠിക്കുന്നുവെന്ന് കൃത്യമായും ഉറപ്പു വരുത്തിയ ശേഷം അധിക ഡിവിഷൻ/ തസ്തികകൾക്ക് അർഹതയുണ്ടെങ്കിലേ അപ്രകാരം അനുവദിച്ച് നൽകാൻ പാടുള്ളൂ. തസ്തിക നിർണ്ണയ ഉത്തരവുകളുടെ പരിശോധന കെ. ഇ. ആർ. അദ്ധ്യായം XXIII ചട്ടം 12 സി പ്രകാരമാണ് നടത്തേണ്ടത്. അപ്പീലുകൾ 12 ഡി, 12 ഇ പ്രകാരവും നടപ്പാക്കേണ്ടതാണ്.

.......(7)

## V സ്പെഷ്യലിസ്റ്റ് അദ്ധ്യാപക നിയമനം.

(1) സ്പെഷ്യലിസ്റ്റ് അധ്യാപക നിയമനം പി.എസ്.സി മുഖേന നടത്തണമെന്ന ഉത്തരവ് പിൻവലിച്ച് നിലവിലെ കെ.ഇ.ആർ. പ്രകാരം തന്നെ നടത്താൻ അനുമതി നൽകി ഉത്തരവാകുന്നു. ഒരു സ്കൂളിൽ കെ.ഇ.ആറിൽ അനുശാസിക്കും പ്രകാരമുള്ള കുട്ടികൾ/പീരീഡുകൾ ഇല്ലെങ്കിൽ കോർപ്പറേറ്റ് മാനേജ്മെന്റുകൾക്ക് അവരുടെ കീഴിലുള്ള തൊട്ടടുത്ത സ്കൂളുകൾ ക്ലബ് ചെയ്ത് അദ്ധ്യാപകരെ നിയമിക്കാവുന്നതാണ്. വ്യക്തിഗത മാനേജ്മെന്റ് സ്കൂളുകളിൽ പീരീഡ്/കുട്ടികൾ ഇല്ലെങ്കിൽ അവ ക്ലബ് ചെയ്ത് സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ സർക്കാർ നിയമിക്കുന്നതാണ്.

(2) 2012-13 മുതൽ 2014-15 വരെയും മാനേജർമാർ നടത്തിയ സ്പെഷ്യലിസ്റ്റ് അധ്യാപക നിയമനങ്ങൾ പരിശോധിച്ച് കെ.ഇ.ആർ പ്രകാരം അർഹതയുള്ള തസ്തികകളിലാണെങ്കിൽ നിർദ്ദിഷ്ടയോഗ്യതയുള്ള പക്ഷം അംഗീകാരം നൽകേണ്ടതാണ്.

## VI. അൺ ഇക്കണോമിക് സ്കൂളുകളിലെ നിയമനം

അൺ ഇക്കണോമിക സ്കൂളുകളിലെ നിയമനാംഗീകാരം സംബന്ധിച്ച് 6.11.2012 ലെ 58604/ജെ2/12/പൊവിവ നമ്പർ സർക്കുലർ പ്രകാരമുള്ള വ്യവസ്ഥകൾ തുടരുന്നതാണ്.

## VII. അവധി ഒഴിവിലെ നിയമനം

യാതൊരു തത്വദീക്ഷയുമില്ലാതെ അവധിയിൽ പ്രവേശിക്കുന്നതുമൂലം ഇപ്പോൾ എയ്ഡഡ് മേഖലയിൽ അനുഭവപ്പെടുന്ന പ്രശ്നങ്ങൾ കണക്കിലെടുത്ത് അവധി അനുവദിക്കുന്നതിന് നിയന്ത്രണമേർപ്പെടുത്തേണ്ടതാണ്. 3 മാസം വരെയുള്ള അവധി ഒഴിവുകളിലെ നിയമനത്തിന് ബന്ധപ്പെട്ട മാനേജ്മെന്റുകൾ തന്നെ ക്രമീകരണം ഏർപ്പെടുത്തേണ്ടതാണ്. മൂന്നുമാസം വരെയുള്ള അവധി ഒഴിവിലെ പുതിയ നിയമനങ്ങൾ അംഗീകരിക്കുന്നതല്ല.

ഒരു അക്കാദമിക വർഷമോ അതിലധികമോ കാലയളവുള്ള എല്ലാ അവധി ഒഴിവുകളിലും 2011-12 മുതൽ നടത്തിയ അർഹമായ നിയമനങ്ങൾക്ക് 1:45 അനുപാതത്തിൽ തസ്തികയുള്ളപക്ഷം അംഗീകാരം നൽകേണ്ടതാണ്. 2015-16 വർഷം മുതൽ അവധി ഒഴിവുകൾ സംരക്ഷിത അദ്ധ്യാപകലിസ്റ്റിൽ നിന്നും നികത്തേണ്ടതാണ്. സംരക്ഷിത ലിസ്റ്റിൽ അധ്യാപകരില്ലാത്ത പക്ഷം ചട്ടം 43 /51 എ/51 ബി എന്നീ അവകാശികളെകൊണ്ട് നികത്തേണ്ടതാണ്.

## VIII. ശമ്പളം

പാക്കേജ് ഉത്തരവുകളുടെ ആനുകൂല്യം ലഭിച്ച് അംഗീകാരത്തോടെ തുടർന്ന എല്ലാവർക്കും നിലവിൽ ശമ്പളം ലഭിച്ചുവരുന്നുവെങ്കിലും പാക്കേജും അനുബന്ധ അധ്യാപകബാങ്കും ഇല്ലാതായ സാഹചര്യത്തിൽ സംരക്ഷണാനുകൂല്യം അനുഭവിക്കുന്നവരൊഴിച്ച് മറ്റുള്ളവരുടെ ശമ്പളം 2015-16 ലെ തസ്തിക നിർണ്ണയത്തിന് വിധേയമായിരിക്കും.

## IX. കെ-ടെറ്റ്

അധ്യാപകർക്ക് കെ-ടെറ്റ് യോഗ്യത നിർബന്ധമാക്കിയ വ്യവസ്ഥയും 2018 നുള്ളിൽ പാസായാൽ മതിയാകുമെന്ന ഇളവ് അനുവദിച്ച പുറപ്പെടുവിച്ച 13.1.2015 ലെ ജി.ഒ (പി) 10/15/പൊവിവ നമ്പർ ഉത്തരവിനും പ്രാബല്യമുണ്ടായിരിക്കും.

. . . . . . .(8)

X. **ഹെഡ് മാസ്റ്റർമാരുടെ ഡിഡിഒ പദവി**

ഹെഡ് മാസ്റ്റർമാരെ ഡി.ഡി.ഒ. മാരാക്കി നിയമിച്ച ഉത്തരവ് തുടരുന്നതാണ്.

XI. **മെയിന്റനൻസ് ഗ്രാന്റ്**

മെയിന്റനൻസ് ഗ്രാന്റിനുള്ള ആദ്യ ഒരു വർഷത്തെ കുടിശ്ശിക യു.ഐ.ഡി യുടെ അടിസ്ഥാനത്തിൽ 2015 ഡിസംബറിനകം അനുവദിക്കേണ്ടതാണ്.

പാക്കേജ് ഉത്തരവിന്റേയും മറ്റും അടിസ്ഥാനത്തിൽ തീർപ്പാകാതെയുള്ള കേസുകൾ മേൽ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി അപ്പലേറ്റ് ഉത്തരവില്ലാതെ സ്റ്റാഫ് ഫിക്സേഷൻ പുന:ക്രമീകരിച്ച് പരിശോധിച്ച് അർഹതയുള്ളപക്ഷം ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർക്ക് തന്നെ നിയമനാംഗീകാരം നൽകാവുന്നതാണ്.

മേൽ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി കെ.ഇ.ആറിൽ ആവശ്യമായ ഭേദഗതികൾ പിന്നീട് പുറപ്പെടുവിക്കുന്നതാണ്. ഇതിനാവശ്യമായ നിർദ്ദേശങ്ങൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ ഒരു മാസത്തിനകം കർശനമായും സമർപ്പിക്കേണ്ടതാണ്.

*(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)*

**വി.എസ്.സെന്തിൽ**
സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാവിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ/ഉപജില്ലാവിദ്യാഭ്യാസഓഫീസർമാർക്കും.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം,തിരുവനന്തപുരം.
പൊതു ഭരണ (എസ്.സി.) വകുപ്പ്.
ധനകാര്യവകുപ്പ് (23.6.2015 ലെ യു.ഒ. ഫയൽ നം. 47011/എഡ്യൂഎ 1/15/ഫിൻ, 1.8.2015 ലെ യു.ഒ. ഫയൽ നം. 60227/എഡ്യൂഎ 1/ഫിൻ എന്നിവ പ്രകാരം.
നിയമവകുപ്പ് (19.5.2015 ലെ യു.ഒ. ഫയൽ നം. 10838/ഒപ്പീനിയൻ-എഫ്1/15/നിയമം, 22.7.2015, 29.7.2015 എന്നീ തീയതികളിലെ 16669/ഒപ്പീനിയൻ എഫ്-1/2015/നിയമം എന്നിവപ്രകാരം)
ഡയറക്ടർ, വിവരപൊതുജനസമ്പർക്കവകുപ്പ്,തിരുവനന്തപുരം.
ഡയറക്ടർ, ഐടി @ സ്കൂൾ,തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
വിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും, സെക്ഷനുകൾക്കും.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

www.kpstu.in

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
ബഹു. വിദ്യാഭ്യാസവകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. പൊതു വിദ്യാഭ്യാസവകുപ്പ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ്